**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

30.11.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ 930

# ഇതരസംസ്ഥാന പാലിന്റെ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് ലാബുകൾ സജ്ജീകരിച്ചിട്ടുള്ളത്; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ സ്ഥിരം പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) എല്ലാ ചെക്ക് പോസ്റ്റുകളിലും അന്യസംസ്ഥാനത്തു നിന്നും വരുന്ന പാൽ പരിശോധിക്കുന്നതിനായുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ എങ്ങനെയാണ് ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) എല്ലാ ചെക്ക് പോസ്റ്റുകളിലും അന്യ സംസ്ഥാനത്തു നിന്നും വരുന്ന പാൽ പരിശോധിക്കുന്നതിനായുള്ള സംവിധാനം നിലവിലില്ല.<br>ക്ഷീരവികസന വകുപ്പിന്റെ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന മാർക്കറ്റിൽ കാണുന്ന മിൽക്ക് സാമ്പിളുകളുടെ ഗുണനിലവാരം പരിശോധന നടത്തുന്നുണ്ട്. ഗുണനിലവാരമില്ലാത്തവയുടെയും മറ്റു മായങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന മിൽക്ക് സാമ്പിളുകളുടെ വിവരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ അറിയിക്കുകയാണ് ചെയ്യുന്നത്. ഇതു കൂടാതെ, ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ഓണം പോലെയുള്ള ഉത്സവ സമയങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. |
| (സി) ഇപ്രകാരം ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന പാൽ വിപണനം നടത്തുന്നത് തടയുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) ഗുണനിലവാരമില്ലായെന്ന് കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നുണ്ട്. മനുഷ്യ ശരീരത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ ക്രിമിനൽ പ്രോസിക്യൂഷനും നിലവാരം കുറവാണെന്ന് കണ്ടെത്തിയാൽ അഡ്ജുഡിക്കേഷൻ വഴി പിഴയും ഈടാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**